## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1899** **31-08-2022 - ൽ മറുപടിയ്ക്ക്**

### മത്സ്യബന്ധന മേഖലയിലെ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ബ്ലൂ ഇക്കോണമി എന്ന പേരിൽ കേന്ദ്ര സർക്കാർ കൊണ്ടു വരുന്ന നിയമ നിർമാണം വഴി ആഴക്കടലിനൊപ്പം തീരക്കടലിൽ നിന്നുകൂടി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പുറന്തള്ളപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇന്ത്യ അംഗമായ ലോക വ്യാപാര സംഘടനയുടെ മന്ത്രിതല സമിതി യോഗം, മത്സ്യബന്ധന മേഖലയിലെ സബ്സിഡി പൂർണമായും നിർത്തണമെന്ന് തീരുമാനിച്ചത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൃഷ്ടിക്കാനിടയുള്ള പ്രതിസന്ധി കണക്കിലെടുത്ത് ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ; | (ബി) | സമൂഹത്തിൽ ഏറ്റവും അധികം പിന്നോക്കാവസ്ഥയിൽ ഇപ്പോഴും നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് നിലവിൽ നൽകി കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇനിയും തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള സഹായം നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപ്പാക്കുന്ന സംസ്ഥാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | (സി) | ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികൾ മുഖേനയും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സാമൂഹിക സാമ്പത്തിക സുരക്ഷയ്ക്കുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

I. a. സമ്പാദ്യ സമാശ്വാസ പദ്ധതി

b. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

c. വിദ്യാഭ്യാസ സഹായ പദ്ധതികൾ

d. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി

e.സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി

f. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75 % സബ്സിഡിയോടു കൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.

g. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.

h. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)

i. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.

j. ഓഖി പുനരധിവാസ പദ്ധതികൾ.

k. സാന്ത്വന തീരം പദ്ധതി.

II. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

(a) മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി.

(b) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

(c) വിവാഹ ധനസഹായ പദ്ധതി

(d) പെൻഷൻ

(e) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

(f) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

(g) എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

(h) കുടുംബ സംവിധാന പദ്ധതി

(i) മാരക രോഗ ചികിത്സ പദ്ധതി

(j) ചെയർമാൻസ് റിലീഫ് ഫണ്ട്

(k) ബോർഡിന്റെ പ്രത്യേക ധനസഹായം

(l) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

(m) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

(n) ബോധവൽകരണ പരിപാടി

(o) തണൽ പദ്ധതി

(p) അപകടം മൂലമുണ്ടാകുന്ന താൽകാലിക അവശതക്ക് ധനസഹായ പദ്ധതി

III. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

(a) എൻ.സി.ഡി.സി ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.

(b) എൻ.ബി.സി.എഫ്.ഡി.സി / എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ടു കൂടിയുള്ള പദ്ധതികൾ

(c) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

(d) വലകൾക്കുള്ള സബ്സിഡി പദ്ധതി

(e) മത്സ്യഫെഡ് ഉപകരണ സുരക്ഷ പദ്ധതി

(f) നാടൻ വള്ളങ്ങളുടെ നവീകരണം

(g) മത്സ്യത്തൊഴിലാളികൾക്കുള്ള ഉത്പാദന ബോണസ്

(h) മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ്

(i) ബ്ലൂ റവല്യൂഷൻ പദ്ധതി

(j) കോട്ടയം ജില്ലയിലെ എസ്.സി /എസ്.ടി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

(k) ഫിഷ് മാർട്ടുകൾ

(l) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

IV. സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(a) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

(b) JLG Project for ensuring livelihood security of fisherwomen in Kerala

(c) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്

(d) കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി

(e) തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

(f) സ്നേഹതീരം പദ്ധതി

(g) മോഡൽ പീലിംഗ് യൂണിറ്റ്

**V. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ**

a. ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് സമുച്ചയം.

b. തീരദേശ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

c. ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കൽ
d. തീരദേശ ആശുപത്രി വികസനം
e. മത്സ്യഹാച്ചറികൾ/മത്സ്യഫാമുകൾ നിർമ്മാണം
f. തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കൽ
g. ഫിഷ് ലാൻറിംഗ് സെന്ററുകളുടെ നിർമ്മാണം
h. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം
i. മത്സ്യസംസ്കരണ യൂണിറ്റും, ഭക്ഷണശാലയും

**VI. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

തീരസംരക്ഷണ പദ്ധതികൾ
ഹാർബർ നിർമ്മാണം
തീരദേശ വിദ്യാലയങ്ങളുടെ വികസനം
മത്സ്യമാർക്കറ്റ് നിർമ്മാണം.

**VII. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.**

അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കിഫ്ബി**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXIII ലെ 3

പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒരു പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXV ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. NABARD RIDF XXVI, NABARD RIDF XXVII ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് XXIII (25.37 കോടി)**

1) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം രൂപ)- പൂർത്തീകരിച്ചു.

2) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം രൂപ )-പൂർത്തീകരിച്ചു.

3) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം രൂപ)-പൂർത്തീകരണ ഘട്ടത്തിലാണ്.

4) പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം രൂപ )-പൂർത്തീകരിച്ചു.

**നബാർഡ് XXV (37.19 കോടി)**

താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം രൂപ)-പൂർത്തീകരിച്ചു.

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം രൂപ )-പൂർത്തീകരിച്ചു.

**നബാർഡ് XXVI (57.44 കോടി)**

1) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം രൂപ)-പുരോഗമിക്കുന്നു.

2) നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം രൂപ)—പുരോഗമിക്കുന്നു.

3) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം രൂപ)—പുരോഗമിക്കുന്നു.

4) കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം രൂപ)-പുരോഗമിക്കുന്നു.

**<u>നബാർഡ് XXVII (55.54 കോടി)</u>**

1) താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം രൂപ) –– പുരോഗമിക്കുന്നു.

2) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം രൂപ) – പുരോഗമിക്കുന്നു.

3) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം രൂപ)– പുരോഗമിക്കുന്നു.

4) വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം – (1668 ലക്ഷം രൂപ) പുരോഗമിക്കുന്നു.

**<u>ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്</u>**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

1) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – പൂർത്തീകരിച്ചു.

2) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – ഫേസ് I– പുരോഗമിക്കുന്നു.

3) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ – പൂർത്തീകരിച്ചു.

4) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം– ഫേസ്– 1 – പുരോഗമിക്കുന്നു.

5) മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ – പൂർത്തീകരിച്ചു.

**<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>**

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ബേപ്പൂർ (97.84 ലക്ഷം രൂപ), പുതിയാപ്പ (1101.80 ലക്ഷം രൂപ), ചോമ്പാൽ (408.44 ലക്ഷം രൂപ) എന്നിവിടങ്ങളിൽ പുതിയ ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണംപൂർത്തീകരിച്ചു.

**<u>തീരദേശ റോഡുകൾ</u>**

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021-22 വർഷം ഭരണാനുമതി നൽകിയ 80.36 കോടി രൂപയുടെ 153 റോഡുകൾ വിവിധ ഘട്ടത്തിൽ പുരോഗമിക്കുന്നു. 2022-23 വർഷം 10.68 കോടി രൂപയുടെ 13 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.